(എഫ്) എങ്കിൽ അത് തടയാനും നിർഭയം അവിടെ താമസിക്കാൻ സൗകര്യമൊരുക്കാനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2003 മെയ് 2-ലെ മാറാട് സംഭവവുമായി ബന്ധപ്പെട്ട് 289 കുടുംബങ്ങൾ മാറാട് വിട്ടുപോയിരുന്നു.

(ബി) 289 കുടുംബങ്ങളെയും 2003 ഒക്ടോബർ മാസത്തിൽ പുനരധിവസിപ്പിച്ചിരുന്നു. ഇനി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ ബാക്കിയില്ല.

(സി ആന്റ് ഡി) പുനരധിവസിപ്പിക്കപ്പെട്ടവരിൽ 60-ഓളം കുടുംബങ്ങൾ മാറാട് സ്ഥിരതാമസമില്ല. മേൽപ്പറഞ്ഞ കുടുംബങ്ങൾ അവരുടെ വ്യക്തിപരമായ കാരണങ്ങളാലാണ് മാറി താമസിക്കുന്നതെന്ന് കാണുന്നു. 2003 മെയ് 2-ലെ സംഭവവുമായി ബന്ധപ്പെട്ട് മാറാട് വിട്ട കുറെ കുടുംബങ്ങൾ പണയത്തിനും വാടകക്കും പല സ്ഥലങ്ങളിൽ താമസിക്കുകയും അവരുടെ കുട്ടികളെ അതാത് സ്ഥലങ്ങളിൽ സ്കൂളിൽ ചേർക്കുകയും ചെയ്തു. പലരുടെയും പണയ കാലാവധി തീർന്നിട്ടില്ല എന്നറിയുന്നു. പ്രതികളായുള്ളവരുടെ ബന്ധുക്കൾ പൊതുവെ സ്ത്രീകൾ മാത്രമായുള്ള വീടുകളിൽ താമസിക്കാൻ വൈമനസ്യം കാണിക്കുന്നുണ്ട്. പുനരധിവാസ പ്രക്രിയ 2003 ഒക്ടോബർ മാസത്തിൽ തന്നെ പൂർത്തീകരിച്ചു.

(ഇ) അത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) എല്ലാ കുടുംബങ്ങൾക്കും നിർഭയം താമസിക്കാൻ ഗവൺമെന്റ് സൗകര്യമൊരുക്കിയിട്ടുണ്ട്.

നാദാപുരം വികസന പദ്ധതി

69 [1645] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയ സംഘർഷങ്ങളാൽ അസ്വസ്ഥമായിരുന്ന നാദാപുരത്ത് സർവ്വകക്ഷി നേതൃത്വത്തിൽ നടന്ന സമാധാന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിന്റെ അടുത്ത ഘട്ടം എന്ന നിലയിൽ നടക്കേണ്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി രൂപം കൊടുക്കപ്പെട്ട നാദാപുരം വികസന പദ്ധതിയെക്കുറിച്ച് അറിവുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് ഒരു കൊല്ലത്തോളമായി ഗ്രാമ വികസന കമ്മീഷണർ ഓഫീസിൽ കുടുങ്ങി കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ വിഷയത്തിൽ കാലതാമസം ഒഴിവാക്കാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ അംഗീകാരം നേടുന്നതിന് നാദാപുരം ഏരിയാ ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന പേരിൽ ഒരു സ്പെഷ്യൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) ഇല്ല. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർ സർക്കാരിന് സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിക്കുകയും പ്രോജക്ടിന്റെ വായ്പാ, ഗ്രാന്റ് എന്നിവയുടെ അനുപാതത്തിൽ ചില മാറ്റങ്ങൾ ആവശ്യമാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ട് ഭേദഗതി വരുത്തി സമർപ്പിക്കുന്നതിന് കോഴിക്കോട് ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർക്ക് ഗ്രാമവികസന കമ്മീഷണർ നിർദ്ദേശം നൽകിയിരിക്കുകയാണ്.

(ഡി) പ്രോജക്ട് ഭേദഗതിവരുത്തി കാലതാമസം കൂടാതെ നൽകുവാൻ കോഴിക്കോട് ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

1998-ലെ വ്യാപാരി വ്യവസായി ഏകോപന സമിതിസമരം

70 [1646] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന സമരത്തോടനുബന്ധിച്ച് ഏതെങ്കിലും ജനപ്രതിനിധിക്ക് പോലീസ് മർദ്ദനം ഏറ്റിരുന്നോ;

(ബി) പ്രസ്തുത കേസ് പുനരന്വേഷണത്തിനായി കോടതി ഉത്തരവിട്ടിരുന്നോ; എങ്കിൽ എന്നാണ് ഉത്തരവിട്ടത്;

(സി) ഇത് സംബന്ധിച്ച് സർക്കാർ എടുത്തിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly